# കേരള സർവകലാശാല

നം. പി.ആർ.237/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.കോം ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ സി.ബി.സി.എസ്. ബി.കോം മൂന്നാം അർദ്ധവാർഷിക പരീക്ഷാഫലം 2010 അഡ്മിഷൻ മേഴ്സി ചാൻസ്, 2011 & 2012 അഡ്മിഷൻ സപ്ലിമെന്ററി (2010 പാഠ്യപദ്ധതി) വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 18. ഇതിലേക്കായി വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

## എം.സി.എ ഫലം

കേരള സർവകലാശാല ആറാം സെമസ്റ്റർ എം.സി.എ പരീക്ഷാഫലം (2011 സ്കീം റഗുലർ ആന്റ് സപ്ലിമെന്ററി) വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അന്തർദേശീയ സെമിനാർ

കേരള സർവകലാശാലയുടെ സോഷ്യോളജി പഠനവകുപ്പ് ഡെൻമാർക്കിലെ ആൽബോർഗ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് "ജെൻഡർ അറ്റ് ദി ഇന്റർസെക്ഷൻ ഓഫ് ഐഡന്റിറ്റി ആന്റ് കമ്മ്യൂണിറ്റി" എന്ന വിഷയത്തിൽ നവംബർ ഏഴ്, എട്ട് തീയതികളിൽ അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അന്തർദേശീയ ശില്പശാല

കേരള സർവകലാശാലയുടെ സോഷ്യോളജി പഠനവകുപ്പ് ഡെൻമാർക്കിലെ ആൽബോർഗ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് "കൾച്ചറൽ സൈക്കോളജി ഓഫ് ബ്യൂട്ടി ഇൻ ഇവരിഡേ ലിവ്സ്" എന്ന വിഷയത്തിൽ നവംബർ ആറിന് അന്തർദേശീയ ശില്പശാല സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷകൾ

കേരള സർവകലാശാല നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ രണ്ടാം സെമസ്റ്റർ (2014 & 2011 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ആറ് മുതലും നാലാം സെമസ്റ്റർ (2014 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ 11 മുതലും അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷകൾ

കേരള സർവകലാശാലയുടെ നവംബർ മൂന്നിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ, നവംബർ ആറിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ/ബി.എ

സ്.സി/ബി.കോം (സി.ബി.സി.എസ്.എസ് – എഫ്.ഡി.പി, 2011, 2012 അഡ്മിഷൻ, 2010 അഡ്മിഷൻ – മെഴ്സി ചാൻസ്) പരീക്ഷകൾക്ക് എം.ജി.കോളേജ്, തിരുവനന്തപുരം, ടി.കെ.എം.കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസ്, കൊല്ലം, എസ്.ഡി കോളേജ്, ആലപ്പുഴ എന്നിവ മാത്രമാണ് പരീക്ഷാകേന്ദ്രങ്ങൾ. പരീക്ഷാകേന്ദ്രമായി രജിസ്റ്റർ ചെയ്ത കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി മേൽപ്പറഞ്ഞ പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്. ഇതിനെക്കുറിച്ചുള്ള വിശദവിവരങ്ങളും ടൈംടേബിളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്.സി നഴ്സിങ് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി നഴ്സിങ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും നവംബർ 15 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
01.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098